# Telephonic conversation between Prime Minister and Prime Minister of Ethiopia

May 06, 2020

---

# പ്രധാനമന്ത്രിയും എത്യോപ്യൻ പ്രധാനമന്ത്രിയും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

മെയ് 06, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി എത്യോപ്യ ഫെഡറൽ ഡെമോക്രാറ്റിക് റിപ്പബ്ലിക് പ്രധാനമന്ത്രി ഡോ.അബിയ് അഹമ്മദ് അലിയുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.
ഇന്ത്യയും എത്യോപിയയും തമ്മിലുള്ള അടുത്ത ബന്ധവും ഇരു രാജ്യങ്ങളും തമ്മിലുള്ള മികച്ച വികസന പങ്കാളിത്തവും പ്രധാനമന്ത്രി അനുസ്മരിച്ചു.
കോവിഡ് -19 പകർച്ചവ്യാധിയോടനുബന്ധിച്ചു പ്രാദേശികമായും ആഗോളതലത്തിലും നേരിടേണ്ടി വന്ന പ്രതിസന്ധികൾ ഇരു നേതാക്കളും ചർച്ച ചെയ്തു കൂടാതെ ആരോഗ്യ പ്രതിസന്ധിയിൽ പരസ്പരം ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു.

പകർച്ചവ്യാധി മൂലമുള്ള സാമ്പത്തിക പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനും അത്യാവശ്യ മരുന്നുകളുടെ വിതരണം ഉറപ്പു വരുത്തുന്നതിനും എത്യോപ്യയ്ക്കായി ഇന്ത്യയുടെ പിന്തുണ ഡോ. അബിയ് അഹമ്മദ് അലിയോട് പ്രധാനമന്ത്രി ഉറപ്പു നൽകി.

കോവിഡ്-19 നെതിരെയുള്ള പോരാട്ടത്തിൽ, സ്വന്തം പേരിലും ഇന്ത്യൻ ജനതയുടെ പേരിലും പ്രധാനമന്ത്രി എത്യോപ്യയ്കായി ആശംസകൾ അറിയിച്ചു.

**ന്യൂ ഡൽഹി**
**06 മെയ്, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.